മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബാലാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട സിംഗിൾ ബെഞ്ചിന്റെ വിധിക്കെതിരായി സർക്കാർ നൽകിയ അപ്പീൽ ഹർജിയിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസ് അടങ്ങുന്ന ഡിവിഷൻ ബെഞ്ച് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരെ ഉണ്ടായിരുന്ന വിധിയിലെ പരാമർശം നീക്കിയിരിക്കുന്നു. ഡിവിഷൻ ബെഞ്ച് പ്രസ്തുത വിധിയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ദുരുദ്ദേശപരമായ ഒരു നടപടിയും ഉണ്ടായിട്ടില്ല എന്നും അവരെ കേൾക്കാതെ പുറപ്പെടുവിച്ച സിംഗിൾ ബെഞ്ച് വിധി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സ്വാഭാവിക നീതി പാലിക്കണമെന്നുള്ള ഒട്ടനവധി വിധികളുടെ ലംഘനമാണെന്നും വ്യക്തമാക്കിയിരിക്കുന്നു.

ഇതാണ് കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ സർക്കാരിനുവേണ്ടി ഞങ്ങളെല്ലാം വ്യക്തമാക്കിക്കൊണ്ടിരുന്ന കാര്യം. എത്രമാത്രം അപക്വമായ നിലാപാടാണ് നമ്മുടെ സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷം സ്വീകരിച്ചതെന്നാണ് ഈ വിധിയിലൂടെ വ്യക്തമാകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷത്തിന്റെ നിലപാട് തുറന്നുകാട്ടപ്പെട്ടു എന്നുള്ളതാണ് ഈ വിധിയുടെ ഏറ്റവും വലിയ പ്രത്യേകത.